വ്യവസായ കേരളം

വ്യവസായ വികസനത്തിനൊരു അടയാളം

Department of Industries & Commerce Government of Keralam

OFFICIAL NEWSLETTER OF
DIRECTORATE OF
INDUSTRIES & COMMERCE
GOVERNMENT OF KERALAM

ISSUE: 103

15 OCTOBER 2026

industry.kerala.gov.in

ഭക്ഷ്യസംസ്കരണത്തിന്റെ കേരള മോഡൽ

പി.എം.എഫ്.എം.ഇ. ഫുഡ്ടെക് കേരളം 2026



വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) സംഘടിപ്പിച്ച പി.എം. എഫ്.എം.ഇ. ഫുഡ്ടെക് കേരളം 2026-ന് ഗംഭീര സ്വീകരണം. സംസ്ഥാനത്തെ പി.എം.എഫ്.എം.ഇ. ഗുണഭോക്താക്കളുടെ ഭക്ഷ്യ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് കൊച്ചി കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ 2026 ഒക്ടോബർ 9 മുതൽ 11 വരെയാണ് എക്സ്പോ സംഘടിപ്പിച്ചത്.

ഭക്ഷ്യോൽപ്പന്നങ്ങളുടെ പ്രദർശനത്തിനൊപ്പം പാക്കേജിങ് സാങ്കേതികവിദ്യയുടെ അവതരണം, ബിസിനസ് നെറ്റ്വർക്കിങ്, സംരംഭക വികസനം എന്നിവയ്ക്കും എക്സ്പോ അവസരമൊരുക്കി.


ബഹു. വ്യവസായ, വാണിജ്യ, ഐ.ടി., എ.ഐ. വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പ്രദർശനം ഉദ്ഘാടനം ചെയ്തു. കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. മിനിമോൾ വി.കെ. ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കൃഷി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മിൻഹാജ് ആലം ഐ.എ.എസ്., കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ശ്രീ. ദേവേഷ് ദേവൽ ഐ.എ.എസ്., റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജിയണൽ ഡയറക്ടർ ശ്രീ. പ്രവീൺ കുമാർ വസന്ത രാമചന്ദ്രൻ, ശ്രീ. അരുണവ സെൻഗുപ്ത (ഡെപ്യൂട്ടി സെക്രട്ടറി, കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം), ശ്രീ. സൂരജ് എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, കെബിപ്പ്), ശ്രീ. രാജീവ് ജി. (അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്), ശ്രീമതി സിമി സി.എസ്. (അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്), ശ്രീ. വി.എസ്. സന്തോഷ് (കൺവീനർ, എസ്.എൽ.ബി.സി. കേരളം), ശ്രീമതി ഷീബ എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കീഡ്), അഡ്വ. ദീപ്തി മേരി വർഗീസ് (കൗൺസിലർ, കൊച്ചിൻ കോർപ്പറേഷൻ), ഡോ. തോമസ് നെച്ചൂപാടം (ചെയർ, സിക്കി കേരളം), ശ്രീ രാകേഷ് വി.ആർ. (ജനറൽ മാനേജർ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം) തുടങ്ങിയവർ പങ്കെടുത്തു.

പി.എം.എഫ്.എം.ഇ. പദ്ധതി നടത്തിപ്പിൽ കേരളത്തിന് മികച്ച പ്രകടനത്തിനുള്ള ദേശീയ അംഗീകാരം നേടിക്കൊടുത്തതിന് നിർണായക പങ്കുവഹിച്ചവരെ ആദരിക്കുന്നതിനായി ഉദ്ഘാടന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. പി.എം.എഫ്.എം.ഇ. ലക്ഷ്യത്തിന്റെ 100 ശതമാനമോ അതിലധികമോ കൈവരിച്ച ഒമ്പത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, മികച്ച പ്രകടനം കാഴ്ചവെച്ച അഞ്ച് ജില്ലാ റിസോഴ്സ് വ്യക്തികൾ, പദ്ധതിയുടെ നടത്തിപ്പിൽ മികച്ച ക്രെഡിറ്റ് പിന്തുണ നൽകിയ അഞ്ച് ബാങ്കുകൾ (കനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കേരള ഗ്രാമീണ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്))എന്നിവർക്കാണ് ഫുഡ്ടെക്ക് ഉദ്ഘാടന വേദിയിൽ പുരസ്കാരം നൽകിയത്.

105 സ്റ്റാളുകളിലായി വിവിധ ഭക്ഷ്യ സംസ്കരണ സംരംഭകരുടെ ഉൽപ്പന്നങ്ങൾ പ്രദർശനത്തിന്റെ ഭാഗമായി അവതരിപ്പിച്ചു. ഒപ്പം ഭക്ഷ്യസംസ്കരണ ഉപകരണങ്ങൾ, പാക്കേജിങ് ഉപകരണങ്ങളും സാങ്കേതികവിദ്യകളും, കോൾഡ് റൂം-കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ, ഡയറി-മിൽക്ക് പ്രോസസിങ്, പോസ്റ്റ് ഹാർവെസ്റ്റ് സാങ്കേതികവിദ്യ, അരി-ധാന്യ സംസ്കരണ യന്ത്രങ്ങളും സാങ്കേതികവിദ്യകളും, ഗുണനിലവാര നിയന്ത്രണവും സർട്ടിഫിക്കേഷനും, അഗ്രോ-പ്രോസസിങ് സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ-പാനീയ ഉൽപ്പന്നങ്ങൾ തുടങ്ങിയവയും പ്രദർശനത്തിൽ ഉൾപ്പെടുത്തി.





BIO CONNECT
CONNECTING SCIENCE TO BUSINESS

713 കോടി രൂപയുടെ നിക്ഷേപ പ്രഖ്യാപനം

സംസ്ഥാനത്ത് ലൈഫ് സയൻസസ് മേഖലയിലെ നിക്ഷേപവും വ്യവസായ സഹകരണവും ശക്തിപ്പെടുത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.) കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡും ബയോ 360 ലൈഫ് സയൻസസ് പാർക്കും ചേർന്ന് സംഘടിപ്പിച്ച നാലാമത് അന്താരാഷ്ട്ര ലൈഫ് സയൻസസ് കോൺക്ലേവ് 'ബയോ കണക്ട് 4.0' ബഹു. വ്യവസായ വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. 2026 ഒക്ടോബർ 8, 9 തീയ്യതികളിൽ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ വെച്ച് നടന്ന ദ്വിദിന കോൺക്ലേവിൽ 713 കോടി രൂപയുടെ നിക്ഷേപ പ്രഖ്യാപനമുണ്ടായി.

അതിവേഗം വളരുന്ന ലൈഫ് സയൻസ് മേഖലയിലെ നിക്ഷേപകർക്കും സംരംഭകർക്കും എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ വെർച്വലായി അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. നിക്ഷേപകർക്ക് ആഗോളതലത്തിൽ പ്രയോജനപ്പെടുത്താവുന്ന തരത്തിൽ സംസ്ഥാനത്തിന്റെ അനുകൂല ഘടകങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയാണെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞു. ഈ മേഖലയിലെ പ്രമുഖ കമ്പനികൾക്ക് നിക്ഷേപം നടത്താനും ആഗോളതലത്തിൽ വളരാനും അനുയോജ്യമായ ആവാസവ്യവസ്ഥ കേരളം ഒരുക്കിയിട്ടുള്ളതായി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെ.എസ്.ഐ.ഡി.സി. ചെയർമാൻ ശ്രീ. സി. ബാലഗോപാൽ, വിർജീനിയ സർവകലാശാലയിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് വിഷൻ സയൻസ് സ്ഥാപക ഡയറക്ടറും ഇൻഫ്ലമാസോംസ് പ്രസിഡന്റും സി.ഇ.ഒയുമായ ഡോ. ജയകൃഷ്ണ അമ്പാട്ടി, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെ.എസ്.ഐ.ഡി.സി. എം.ഡിയുമായ ശ്രീ. സ്നേഹിൽ കുമാർ സിംഗ് ഐ.എ.എസ്., കെ.എൽ.ഐ.പി. ഡയറക്ടർ ശ്രീ. സി.എൻ. രാംചന്ദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഭാരത്ബയോം ലൈഫ് സയൻസസ്, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ഇൻ.വെന്റ് (In.Vent) ഇന്ത്യ ഡയഗ്നോസ്റ്റിക്, അക്യാ നോവ ബയോസിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, മെഡ്ഗ്രോ ബയോ ലൈഫ് സൊല്യൂഷൻസ്, ഫുട്ട് പ്രോ സൊല്യൂഷൻസ് ഉൾപ്പെടെയുള്ള കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ ധാരണയായി. കോൺക്ലേവിൽ അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ 600 ലേറെ പേർ പങ്കെടുത്തു. പരിപാടിയിൽ 45ഓളം പ്രദർശന സ്റ്റാളുകളുമുണ്ടായിരുന്നു.







ഫുഡ്, ഹോസ്പിറ്റാലിറ്റി, റെസ്റ്റോറന്റ്, ബേക്കറി തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് തമിഴ്നാട് ഹോട്ടൽസ് അസോസിയേഷൻ ചെന്നൈ ട്രേഡ് സെന്ററിൽ 2026 ഒക്ടോബർ 1 മുതൽ 3 വരെ സംഘടിപ്പിച്ച ഉനവ് എക്സ്പോ 2026 പ്രദർശനത്തിൽ ശ്രദ്ധേയമായി കേരളത്തിൽ നിന്നുള്ള PMFME സംരംഭകരുടെ പങ്കാളിത്തം.



ചെറുകിട വ്യാപാര മേഖലയിൽ സമഗ്ര പഠനം

കരട് റിപ്പോർട്ട് അവതരിപ്പിച്ചു

സംസ്ഥാനത്തെ വാണിജ്യ വ്യാപാര മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നിർദേശ പ്രകാരം കേരളത്തിലെ ചെറുകിട വ്യാപാര മേഖലയെക്കുറിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് നടത്തുന്ന സമഗ്രമായ പഠനത്തിന്റെ കരട് റിപ്പോർട്ട് അവതരിപ്പിച്ചു. 2026 ഒക്ടോബർ 7-ന് തിരുവനന്തപുരം ഹോട്ടൽ റെസിഡൻസി ടവറിൽ വെച്ചാണ് അവലോകന യോഗം നടത്തിയത്. പഠന റിപ്പോർട്ട് അന്തിമമാക്കുന്നതിന്റെ ഭാഗമായി കേരള വ്യാപാരി വ്യവസായി ഏകോപനസമിതി, കേരള വ്യാപാരി വ്യവസായി സമിതി, കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്സ് അസോസിയേഷൻ, കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ തുടങ്ങിയ പ്രമുഖ വ്യവസായ-വ്യാപാര സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.



ആഗോള നിക്ഷേപം കേരളത്തിലേക്ക്

വിദേശ രാജ്യങ്ങളിൽ 'കേരളം ഡെസ്കുകൾ' ആരംഭിക്കുന്നു

കേരളത്തിന്റെ വ്യവസായ നിക്ഷേപ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്യോ എന്നീ അഞ്ച് വിദേശ നഗരങ്ങളിൽ സംസ്ഥാനം 'കേരളം ഡെസ്കുകൾ' ആരംഭിക്കുന്നു. സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായാണ് നിർണായക ചുവടുവെപ്പ്. കേരളത്തിലെ നിക്ഷേപ സാധ്യതകൾ അന്താരാഷ്ട്ര സംരംഭക സമൂഹത്തിലേക്ക് നേരിട്ട് എത്തിക്കുക എന്നതാണ് കേരളം ഡസ്കിലൂടെ ലക്ഷ്യമിടുന്നത്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യതകളൊന്നുമില്ലാതെ, അതത് നഗരങ്ങളിലെ അംഗീകൃത പ്രവാസി സംഘടനകളുടെ സഹകരണത്തോടെയായിരിക്കും ഡെസ്കുകൾ പ്രവർത്തിക്കുക. ഡെസ്കുകൾ വഴി ലഭിക്കുന്ന നിക്ഷേപ താൽപര്യങ്ങൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ 'ഇൻവെസ്റ്റ് കേരള സെൽ' മുഖേന ഏകോപിപ്പിച്ച് വേഗത്തിൽ യാഥാർത്ഥ്യമാക്കും.

പ്രവാസികളുടെ സംരംഭക ശേഷിയെ കേരളത്തിന്റെ വ്യവസായ വളർച്ചയുമായി കൂട്ടിയിണക്കുന്ന ഈ നവസംരംഭം സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

Designed & Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Keralam, Vlkas Bhavan, Thiruvananthapuram